Page 1 of 1

നോട്ടീസ് നൽകിയിട്ടുണ്ട്. കയ്യേറ്റങ്ങൾ യഥാസമയം കണ്ടെത്തി ഒഴിപ്പിച്ച് സ്ഥലം സർക്കാർ കസ്റ്റഡിയിലെടുത്ത് കേസ് രജിസ്റ്റർ ചെയ്ത് തുടർനിയമനടപടികൾ സ്വീകരിച്ച വരുന്നു. നഗരമ്പാറ, മൂന്നാർ റെയിഞ്ചുകളിലെ കയ്യേറ്റം ഒഴിപ്പിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. പീച്ചി വൈൽഡ് ലൈഫ് ഡിവിഷനിലെ ഒളകര ആദിവാസി കോളനിയോട് ചേർന്ന് കണ്ടെത്തിയ വനം കയ്യേറ്റം 4-7-2017-ന് പൂർണ്ണമായി ഒഴിപ്പിച്ച് നിയമനടപടി സ്വീകരിച്ചിട്ടുണ്ട്. മണ്ണാർക്കാട് ഡിവിഷനിലെ ഒമ്മല സ്റ്റേഷൻ പരിധിയിലെ കുറുക്കൻകുണ്ട് ഭാഗത്തെ 12 ഏക്കറോളം സ്ഥലത്തെ നിക്ഷിപ്തവനം കയ്യേറ്റം 21-7-2017-ന് ഒഴിപ്പിച്ച് ഒ.ആർ. 9/17 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

**പരിസ്ഥിതി ലോല പ്രദേശങ്ങൾ**

96(794) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പരിസ്ഥിതിലോല പ്രദേശമായി പ്രഖ്യാപിക്കപ്പെട്ട പ്രദേശങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) എത്ര കിലോമീറ്റർ പരിസ്ഥിതിലോല പ്രദേശം സംസ്ഥാനത്തുണ്ടെന്നും ഇത് ആകെ വിസ്തീർണ്ണത്തിന്റെ എത്ര ശതമാനമാണെന്നും വ്യക്തമാക്കാമോ;

(സി) കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ പരിസ്ഥിതിലോല പ്രദേശമായി ഏതൊക്കെ വില്ലേജുകളാണ് ഉൾപ്പെട്ടിട്ടുള്ളതെന്നും വ്യക്തമാക്കാമോ?

**ഉത്തരം**

(എ-സി) കേന്ദ്ര വനംപരിസ്ഥിതി മന്ത്രാലയം അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്ന മുറയ്ക്ക് മാത്രമേ കേരളത്തിലെ പരിസ്ഥിതി ലോല പ്രദേശങ്ങളെ കുറിച്ചും ആയതിന്റെ വിസ്തൃതിയെക്കുറിച്ചും അന്തിമമായി അറിയുവാൻ സാധിക്കുകയുള്ളൂ.

**വടക്കാഞ്ചേരി ഫോറസ്റ്റ് റേഞ്ചിലെ പട്ടയഭൂമിയിലെ അനധികൃത മരംമുറി**

97(795) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരി ഫോറസ്റ്റ് റേഞ്ചിലെ പൂങ്ങോട് ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിൽ വനത്തോട് ചേർന്നുള്ള പട്ടയഭൂമിയിൽ നിന്ന് വനം വകുപ്പ് ഉദ്യോഗസ്ഥരുടെ ഒത്താശയോടുകൂടി മരം മുറിച്ച് കടത്തിയത് സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) പരാതി ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്മേൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ?

**ഉത്തരം**

(എ) രണ്ട് പരാതികൾ തൃശ്ശൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് ലഭിച്ചിട്ടുണ്ട്.

(ബി) പരാതിയിന്മേൽ അന്വേഷണം നടന്നുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly